**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3224** **01-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ച എത്ര സ്കൂളുകളുടെ പ്രവൃത്തിയാണ് ബാലുശ്ശേരി മണ്ഡലത്തിൽ ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 1 സ്കൂളും, 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 6 സ്കൂളുകളും, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 6 സ്കൂളുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു.<br><br>**5കോടി കിഫ്ബി ഫണ്ട്**<br><br>5കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നടുവണ്ണൂർ ജി.എച്ച്.എസ്.എസിന്റെ നിർമാണത്തിനുള്ള എസ് പി വി യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി കിഫ്ബി ഫണ്ട്**<br><br>3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്.എസ് അത്തോളി, ജി.എച്ച്.എസ്.എസ് കൊക്കല്ലൂർ, ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി എന്നീ സ്കൂളുകളുടെ നിർമാണത്തിനുള്ള എസ് പി വിയായി വാപ്കോസിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.എച്ച്.എസ്.എസ് പൂനൂർ സ്കൂളിന്റെ എസ് പി വിയായി ഇൻകലിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.എച്ച്.എസ്.എസ് അവിടനല്ലൂർ, ജി.എം.യു.പി.എസ് പൂനൂർ എന്നീ സ്കൂളുകളുടെ ഫീസിബിലിറ്റി സ്റ്റഡി എൽ എസ് ജി ഡി മുഖാന്തരം നടത്തി ഡിപിആർ തയ്യാറാക്കി പുതുക്കിയ ഡിഎസ്ആർ/ജി എസ് ടി നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.സാങ്കേതിക അനുമതി ലഭ്യമാക്കി |

| | | | | |
|---|---|---|---|---|
| | | | | കിഫ്ബിയുടെ Project Execution Document (PED) അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.<br><br>**<u>1 കോടി കിഫ്ബി ഫണ്ട്</u>**<br><br>1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി എസ്.പി.വിയായി കിലയെ ചുമതലപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.യു.പി.എസ് ഉണ്ണികുളം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 40% ന് മുകളിൽ നിർമ്മാണം പൂർത്തിയായി.<br><br>ഗവ.എച്ച്.എസ്.എസ് ശിവപുരം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 50% ന് മുകളിൽ നിർമ്മാണം പൂർത്തിയായി.<br><br>ജി.എം.യു.പി.എസ് വേളൂർ സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 45% ന് മുകളിൽ നിർമ്മാണം പൂർത്തിയായി.<br><br>ജി.വി.എച്ച്.എസ്.എസ് ബാലുശ്ശേരി സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ